7656
3/4/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സാങ്കേതികവിഭാഗം - ചേർത്തല മുൻസിപ്പൽ ഓഫീസിൽ 'ഓപ്പറേഷൻ സർവീസ് റൈറ്റ്സ്' എന്ന നാമധേയത്തിൽ നടത്തിയ മിന്നൽ പരിശോധന - ശ്രീമതി. ജിഷ ആന്റണി, അസി.എഞ്ചിനിയർ, ഓവർസിയർമാരായ ശ്രീ. വി.കെ. മുരളി , ശ്രീ. ബി. ജഗദീശൻ, ശ്രീ. എസ്. ജനാർദ്ദനൻനായർ, ശ്രീ. സി.കെ. ബൈജു എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി ഒഴിവാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.937/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 29/03/2017.

---

പരാമർശം:- 1 വിജിലൻസ്(ഡി) വകുപ്പിന്റെ 04.08.2014 ലെ 5432/ഡി1/2014/വിജ്. നമ്പർ കത്ത്.

2 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.04.2014 ലെ E4(SC 38/2013/ALP) 27601/2013 നമ്പർ കത്ത്.

3 19.02.2015 ലെ 74418/EW1/14/LSGD നമ്പർ മെമ്മോ.

4 22.04.2015-ൽ ശ്രീ. ബി. ജഗദീശൻ സമർപ്പിച്ച വിശദീകരണം.

5 02.05.2015-ൽ ശ്രീ. എസ്. ജനാർദ്ദനൻനായർ സമർപ്പിച്ച വിശദീകരണം.

6 26.06.2015-ൽ ശ്രീമതി. ജിഷ ആന്റണി സമർപ്പിച്ച വിശദീകരണം.

7 26.06.2015-ൽ ശ്രീ. വി.കെ. മുരളി സമർപ്പിച്ച വിശദീകരണം.

8 ചീഫ് എൻജിനീയറുടെ 18.08.2015, 04.01.2017 എന്നീ തീയതികളിലെ ഇ 12-2797/2015/സിഇ/ തസ്വഭവ നമ്പർ കത്ത്.

9 06.08.2016-ലെ 74418/EW1/14/LSGD നമ്പർ മെമ്മോ.

10 19.10.2016-ൽ ശ്രീ. സി.കെ. ബൈജു സമർപ്പിച്ച വിശദീകരണം.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 09.09.2013 ൽ ചേർത്തല മുൻസിപ്പൽ ഓഫീസിൽ 'ഓപ്പറേഷൻ സർവീസ് റൈറ്റ്സ്' എന്ന നാമധേയത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ പെൻഷൻ അപേക്ഷകൾ, ബിൽഡിംഗ് നമ്പർ അപേക്ഷകൾ, ബിൽഡിംഗ് ടാക്സ് അപേക്ഷകൾ പെർമിറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അപേക്ഷകൾ എന്നിവയിൽ സമയബന്ധിതമായി തീർപ്പാക്കുന്നതിലുള്ള കാലതാമസം, അനുമതിയില്ലാതെ ഓഫീസിൽ ഹാജരാകാതിരിക്കുക എന്നീ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. മേൽ ക്രമക്കേടുകൾക്ക് വകുപ്പുതലനടപടിയുടെ ഭാഗമായി സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരായ ശ്രീ വി.കെ. മുരളി, ഓവർസിയർ, ശ്രീ. ബി. ജഗദീശൻ, ഓവർസിയർ, ശ്രീമതി. ജിഷ ആന്റണി, അസി.എഞ്ചിനിയർ, ശ്രീ. ജനാർദ്ദനൻനായർ, ഓവർസിയർ എന്നിവർക്ക് വകുപ്പുതല നടപടിയുടെ ഭാഗമായി പരാമർശം 3 പ്രകാരം വിശദീകരണമെമ്മോ നൽകുകയും ആയതിന് ടി ഉദ്യോഗസ്ഥർ വിശദീകരണം ലഭ്യമാക്കുകയും ചെയ്തിരുന്നു.

ശ്രീ. ജഗദീശൻ സമർപ്പിച്ച വിശദീകരണത്തിൽ നഗരസഭയിൽ ആദ്യമായി ജോലി അനുഷ്ഠിക്കുന്നതായതിനാലുള്ള പരിചയ കുറവുമൂലമാണ് ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിട്ടതെന്നും, ജോലിത്തിരക്കുമൂലം സംഭവിച്ച മനഃപൂർവമല്ലാത്ത കാലതാമസമാണ് ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഉണ്ടായിട്ടുളളതെന്ന് ശ്രീമതി. ജിഷ ആന്റണിയും വ്യക്തമാക്കിയിട്ടുണ്ട്, ശ്രീ. വി.കെ. മുരളിയും സമാനഗതിയിലുള്ള വാദങ്ങളാണ് നിരത്തിയിട്ടുള്ളത്. ശ്രീ. ജനാർദ്ദനൻനായർ വിജിലൻസ് പരിശോധനാദിവസം ആകസ്മികകാരണങ്ങളാലാണ് ഓഫീസിൽ ഹാജരാകാതിരുന്നതെന്നും എന്നാൽ ഓഫീസിൽ വരാത്ത ദിവസത്തെ ആകസ്മികാവധി പിറ്റേ ദിവസം തന്നെ സമർപ്പിച്ചതായും ബോധിപ്പിച്ചിട്ടുണ്ട്.

പരാമർശം 9 പ്രകാരം ഓവർസിയർ ശ്രീ. സി.കെ. ബൈജുവിന് നൽകിയ വിശദീകരണ മെമ്മോയ്ക്ക് ടിയാൻ പരാമർശം 10 പ്രകാരം വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തിയ സമയം 2013-14 വാർഷിക പദ്ധതിയുടെ അടങ്കൽ തയ്യാറാക്കുന്ന പ്രവൃത്തിയും മുനിസിപ്പൽ ടൗൺ ഹാളിന്റെ ഉത്ഘാടന സംബന്ധമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള മേൽനോട്ടത്തിലായിരുന്നതിനാലും രണ്ടു ഫയലുകളിൽ മന:പൂർവ്വമല്ലാത്ത നേരിയ കാലതാമസം ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടെന്നും ആയത് മാപ്പാക്കി തന്നെ കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

പെൻഷൻ, ബിൽഡിംഗ് പെർമിറ്റ് അനുവദിക്കൽ, ബിൽഡിംഗ് ടാക്സ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിക്കൽ തുടങ്ങിയവ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലെന്നും, ബിൽഡിംഗ് പെർമിറ്റ് അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ നേരിയ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളു എന്നതിനാലും ക്യാഷ് ഡിക്ളറേഷൻ രജിസ്റ്റർ നിലവിൽ എഴുതി സൂക്ഷിക്കുന്നതിനാലും ഓവർസിയർമാരേയും അസി.എഞ്ചിനിയർമാരേയും അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ചീഫ് എഞ്ചിനിയർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ചീഫ് എഞ്ചിനിയറുടെ റിപ്പോർട്ടും കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ വിശദീകരണവും പരിശോധിക്കുമ്പോൾ അച്ചടക്കനടപടിയെടുക്കാവുന്ന തരത്തിലുള്ള ഗൗരവമേറിയ കുറ്റങ്ങൾ കുറ്റാരോപിതർ ചെയ്തിട്ടില്ലെന്നും കൂടാതെ മനപൂർവ്വമായ വീഴ്ച ടി ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും വ്യക്തമാകുന്നുണ്ട്. മേൽ സാഹചര്യത്തിൽ ചേർത്തല മുൻസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി. ജിഷ ആന്റണി, ഓവർസിയർമാരായ ശ്രീ. വി.കെ. മുരളി, ശ്രീ. എസ്.ജനാർദ്ദനൻനായർ ഓവർസിയർ, ശ്രീ. ജഗദീശൻ, ശ്രീ. സി.കെ. ബൈജു എന്നീ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളിലെ തുടർനടപടികൾ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എ. ഷാജഹാൻ**
സെക്രട്ടറി

1 ശ്രീമതി. ജിഷ ആന്റണി, അസി.എഞ്ചിനിയർ, ചേർത്തല മുൻസിപ്പാലിറ്റി
2 ശ്രീ. വി.കെ. മുരളി , ഓവർസിയർ, ചേർത്തല മുൻസിപ്പാലിറ്റി
3 ശ്രീ. ബി. ജഗദീശൻ, ഓവർസിയർ, ചേർത്തല മുൻസിപ്പാലിറ്റി
4 ശ്രീ. എസ്. ജനാർദ്ദനൻനായർ, ഓവർസിയർ, ചേർത്തല മുൻസിപ്പാലിറ്റി
5 ശ്രീ. സി.കെ. ബൈജു, ഓവർസിയർ, ചേർത്തല മുൻസിപ്പാലിറ്റി
(1–5: തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖാന്തിരം)
6 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
7 ഡയറക്ടർ, വിജലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
8 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
9 വിജിലൻസ് (ഡി) വകുപ്പ് (5945/D1/2016/Vig. Dated 08.06.2016)
10 ✓വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
11 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (74418/EW1/14/LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.